**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 564** **21-03-2023 - ൽ മറുപടിയ്ക്ക്**

**കിഫ്ബി വഴി നടപ്പിലാക്കുന്ന പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീമതി കെ. കെ. രമ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കിഫ്ബി വഴി നടപ്പിലാക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | • കിഫ്ബി ആക്ട് പ്രകാരം ആണ് കിഫ്ബിയുടെ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഇതനുസരിച്ച് ഗുണനിലവാരം പാലിച്ച് പദ്ധതികൾ പുരോഗമിക്കുന്നുണ്ടോ എന്ന് സമയാസമയങ്ങളിൽ കിഫ്ബി ഇൻസ്പെക്ഷൻ വിഭാഗം പരിശോധനകള നടത്തുന്നുണ്ട്. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയാണ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നത്. പോരായ്മകൾ കാണുകയാണെങ്കിൽ തിരുത്തൽ നടപടികൾക്കായി ഉടൻ തന്നെ ഫീൽഡ് ഒബ്സെർവഷൻ ഷീറ്റ്, ടെക്നിക്കൽ ഒബ്സെർവഷൻ ഷീറ്റ്, ഒബ്സെർവഷൻ മെമ്മോ, ഇൻസ്പെക്ഷൻ റിപ്പോർട്ട് എന്നിവയും എസ്.പി.വി യ്ക്ക് നൽകാറുണ്ട്. എസ്.പി.വി യിൽ നിന്നും തൃപ്തികരമായ മറുപടി ലഭിക്കുന്ന മുറയ്ക്ക് ഒബ്സെർവഷൻ ഷീറ്റ്, ടെക്നിക്കൽ ഒബ്സെർവഷൻ ഷീറ്റ്, ഒബ്സെർവഷൻ മെമ്മോ, ഇൻസ്പെക്ഷൻ റിപ്പോർട്ട് എന്നിവ പിൻവലിക്കുന്നതാണ്. നിരന്തരമായി ഒബ്സെർവഷൻ മെമ്മോ കൊടുത്തിട്ടും പോരായ്മകൾ പരിഹരിക്കാത്ത പദ്ധതികൾ താത്കാലികമായി നിർത്തിവെക്കുന്നതിന കിഫ്ബി നിർദ്ദേശം നൽകുന്നുണ്ട്. ന്യൂനതകൾ പരിഹരിച്ചു എന്ന് എസ്.പി.വ ഉറപ്പ് നൽകിയ ശേഷം മാത്രമേ |

നിർത്തിവെച്ചിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ കിഫ്ബി സമ്മതം നൽകുകയുള്ളു. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധി ക്കുന്നതിനായി സംസ്ഥാനത്തെ 3 ജില്ലകളിൽ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) റീജിയണൽ ലബോറട്ടറികളും ബാക്കി 11 ജില്ലകളിൽ ജില്ലാ ലാബോറട്ടറികളും നിലവിലുണ്ട്. പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ മാന്വലിലെ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്നും വകുപ്പിന്റെ കീഴിലുള്ള എല്ലാ പ്രവൃത്തികളും യഥാസമയം ജില്ലാ ലാബുകളെ അറിയിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. മൂന്ന് ഘട്ടങ്ങളിലായാണ് ഗുണനിലവാര പരിശോധനകൾ നടത്തുന്നത്. ആദ്യ ഘട്ടത്തിൽ പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാരൻ തന്നെ പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തി ഗുണമേന്മ ഉറപ്പുവരുത്തേണ്ടതാണ്. രണ്ടാംഘട്ട ഗുണനിലവാര പരിശോധനകളാണ് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ക്വാളിറ്റി കൺട്രോ വിഭാഗം നടത്തുന്നത്. പണി നടക്കുന്ന സ്ഥലത്ത് പോയി സാമ്പിൾ ശേഖരിച്ച് ഫീൽഡിൽ വച്ച് നടത്താവുന്ന പരിശോധനകൾ ഫീൽഡിൽ വച്ചും ലാ ടെസ്റ്റ് ആവശ്യമായി വരുന്നവ ലാബിൽ കൊണ്ട് വന്നും പരിശോധിക്കുന്നു. ക്വാളി കൺട്രോൾ മാന്വൽ വ്യവസ്ഥകൾ അനുസരിച്ച് തൃപ്തികരമായ റിസൽട്ട് ലഭ്യമാകാത്തവ വകുപ്പിലെ തന്നെ വിജിലൻസ് വിഭാഗത്തെയും എക്സിക്യൂഷ വിഭാഗത്തെയും യഥാസമയം അറിയിക്കുന്നു. പ്രവൃത്തി പൂർത്തിയായതിനുശേഷം ആവശ്യമുണ്ടെങ്കിൽ മാത്രമാണ് മൂന്നാം ഘട്ട പരിശോധനകൾ നടത്തുന്നത്. കൂടാതെ പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിൽ ആട്ടോമേറ്റഡ് മൊബൈൽ ക്വാളിറ്റി കൺട്രോൾ ലാബു ഗുണനിലവാര പരിശോധന

| | | | |
|---|---|---|---|
| | | | ഊർജ്ജിതമാക്കുവാൻ സജ്ജമാക്കിയിട്ടുണ്ട്. |
| (ബി) | കിഫ്ബി പദ്ധതികളിൽ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള ഇൻസ്പെക്ഷൻ വിംഗിന്റെ പ്രവർത്തനം കാര്യക്ഷമമാണോ എന്ന് വിശദമാക്കുമോ; | (ബി) | കിഫ്ബി പദ്ധതികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി കിഫ്ബി ക്വാളിറ്റി മാന്വൽ അനുശാസിക്കുന്ന പ്രകാരം ഒരു ടെക്നിക്കൽ ഇൻസ്പെക്ഷൻ വിങ് രൂപീകൃതമായിട്ടുണ്ട്. ഉയർന്ന സാങ്കേതിക വിദ്യ ഉപയോഗിക്കപ്പെടുന്ന ക്വാളിറ്റി കൺട്രോൾ മൊബൈൽ യൂണിറ്റിന്റെ സഹായത്തോടെയാണ് ഈ വിഭാഗം പ്രവർത്തിക്കുന്നത്.<br><br>പൊതുമരാമത്ത് വകുപ്പ് അനുശാസിക്കുന്ന വിധം സൈറ്റ് ലാബുകൾ കരാറുകാരൻ രൂപീകരിച്ചാൽ മാത്രമേ പ്രവൃത്തി ആരംഭിക്കാൻ അനുവദിക്കാറുള്ളൂ. ഒന്നാംഘട്ട ഗുണനിലവാര പരിശോധന കരാറുകാരന്റെ ചിലവിൽ സൈറ്റ് ലാബുകളിലും, രണ്ടാം ഘട്ടം പൊതുമരാമത്ത് വകുപ്പ് ക്വാളിറ്റി കൺട്രോൾ വിഭാഗവും നടത്തുന്ന കൂടാതെ കിഫ്ബിയുടെ ക്വാളിറ്റി കൺട്രോൾ മൊബൈൽ യൂണിറ്റ് ഓരോ പദ്ധതിയും കൃത്യമായ ഇടവേളയിൽ സൈറ്റ് സന്ദർശിച്ച് പ്രൊജക്റ്റ് എക്സിക്യൂഷൻ ഡോക്യുമെന്റ് പ്രകാരമുള നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുകയും അല്ലാത്തപക്ഷം ഒബ്സർവഷൻ മെമ്മോകൾ പുറപ്പെടുവിക്കുകയും ചെയ്തു വരുന്നു. ഈ മെമ്മോകൾക്കനുസൃതമായ തിരുത്തലുകൾ വരുത്തി മറുപടി 15 ദിവസത്തിനകം കിഫ്ബിയിൽ സമർപ്പിക്കാത്തപക്ഷം, പദ്ധതിയുടെ സാമ്പത്തിക സഹായം താത്കാലികമായി നിർത്തിവയ്ക്കുകയും ചെയ്യുന്നു. ഒബ്സർവഷൻ മെമ്മോ ക്ലിയർ ചെയ്തതിനുശേഷം മാത്രമേ ഫണ്ടിംഗ് പുനരാരംഭിക്കുകയുള്ളൂ. കിഫ്ബി പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാന ഇതുമൂലം സാധിക്കുന്നുണ്ട്. |
| (സി) | കിഫ്ബി വഴി നടപ്പിലാക്കുന്ന പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ നിർമ്മാണത്തിലെ അപാകത കാരണം കരാറുകാരുടെ രജിസ്ട്രേഷൻ റദ്ദാക്കി | (സി) | ആവശ്യമായ അളവിൽ അസംസ്കൃത വസ്തുക്കൾ ഉപയോഗിക്കാതെ സംഭവിക്കുന്ന നഷ്ടങ്ങൾ കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്. കരാറിനു വിരുദ്ധമായി പ്രവർത്തിക്കുന്ന കരാറുകാരനെ |

| | | | |
|---|---|---|---|
| | അവരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താറുണ്ടോ; വിശദമാക്കാമോ? | | കരാറുകാരന്റെ നഷ്ടോത്തര വാദിത്വത്തിൽ കരാർ ടെർമിനേറ്റ് ചെയ്ത് പ്രവൃത്തി പുനക്രമീകരിക്കുന്ന നടപടിയാണ് സ്വീകരി ക്കാറുള്ളത്. ആവശ്യമെങ്കിൽ ലൈസൻസ് പുതുക്കാതിരിക്കുക, എസ്.ബി.ഡി., പൊതുമരാമത്ത് മാന്വൽ എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം കരിമ്പട്ടികയിൽ ഉൾപ്പെടുത്തുക തുടങ്ങിയ നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ